പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 304 — 09.03.2015-ൽ മറുപടിയ്ക്ക്

## തലസ്ഥാന നഗരിയിലെ അനധികൃത പൊളിച്ചു മാറ്റൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.മോയിൻകുട്ടി | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | തലസ്ഥാന നഗരിയിൽ വെള്ളയമ്പലത്ത് ഉണ്ടായിരുന്ന നീന്തൽ കുളവും, അനുബന്ധ കെട്ടിടങ്ങളും വിപുലീകരണത്തിനെന്ന പേരിൽപൊളിച്ചു മാറ്റിയത് എന്നാണ്; ആ തീരുമാനം കൈക്കൊണ്ടത് ആരെല്ലാമാണ്; പൊളിച്ചു മാറ്റിയതിനു ഏതു ഫണ്ടിൽ നിന്ന്;എന്തു തുക ചെലവാക്കി; | (എ) | തലസ്ഥാന നഗരിയിലെ വെള്ളയമ്പലത്ത് ഉണ്ടായിരുന്ന നീന്തൽക്കുളത്തിന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും വിപുലീകരണത്തിനായുള്ള പണികൾ 05.02.2010-ലാണ് തുടങ്ങിയത്. അന്നത്തെ സ്പോർട്സ്, നിയമ-പാർലമെന്ററികാര്യ മന്ത്രിയും, ജലവിഭവവകുപ്പ് മന്ത്രിയും പങ്കെടുത്ത മീറ്റിംഗിലാണ് ഇതിനായുള്ള തീരുമാനം കൈക്കൊണ്ടത്. ഈ പ്രവർത്തിക്ക് 8,01,67,715/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പൊളിച്ചു മാറ്റുന്നതിനും പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 56,59,329/- രൂപ ചെലവായി. |
| (ബി) | നീന്തൽ കുളം വിപുലീകരണത്തിന്റെ ഭാഗമായി ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിനു സമീപം കുഴിച്ചതിനും, അടിയിൽ പൈപ്പ് ലൈൻ ഉള്ളതിനാൽ നിർമ്മാണം ഉപേക്ഷിച്ചതിനും എന്തു തുക ചെലവായി; ഇതു സംബന്ധമായ തീരുമാനങ്ങൾ കൈക്കൊണ്ടത് ആരെല്ലാം; ഏതെല്ലാം തീയതികളിൽ; | (ബി) | വിപുലീകരണത്തിന്റെ ഭാഗമായി പൈപ്പുകൾ മാറ്റുന്നതിനും അനുബന്ധ പണികൾക്കുമായി 1.5 കോടി രൂപ കേരള വാട്ടർ അതോറിറ്റി ആവശ്യപ്പെട്ട പ്രകാരം നൽകിയിട്ടുണ്ട്. 06.11.2009-ൽ കൂടിയ എംപവേർഡ് കമ്മിറ്റി യോഗത്തിലെ തീരുമാന പ്രകാരം സർക്കാരിനു നൽകിയ ശുപാർശയനുസരിച്ച് നിലവിലുള്ള പൈപ്പുലൈനുകൾ മാറ്റി സ്ഥാപിക്കാനായി 1.5 കോടി രൂപ വാട്ടർ അതോറിറ്റിക്ക് നൽകി ഡെപ്പോസിറ്റ് വർക്കായി ചെയ്യാൻ ഭരണാനുമതി നൽകി |
| (സി) | പൊളിച്ചു മാറ്റിയ നീന്തൽ കുളത്തിന്റെ പുനർ നിർമ്മിതിക്ക് എന്തു തുക ഇതുവരെ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ? | (സി) | പൊളിച്ചു മാറ്റിയ നീന്തൽ കുളത്തിന്റെ പുനർ നിർമ്മിതിക്ക് ഇതുവരെ 4,51,96,749/- രൂപ ചെലവഴിച്ചു. ഫൈനൽ ബിൽ തയ്യാറാക്കി വരുന്നു. മൊത്തം ചെലവ് അതിനു ശേഷമേ അന്തിമമായി നിശ്ചയിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ